# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6563 | 01.11.2011-ലെ മറുപടിക്ക് |
|---|---|

### ലൈറ്റ് ഡ്യൂട്ടി വാഹനങ്ങളിലെ ഡ്രൈവർ നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| എ) ആരോഗ്യവകുപ്പിൽ ലൈറ്റ് ഡ്യൂട്ടി വാഹനങ്ങൾ എത്ര എണ്ണമുണ്ടെന്ന് വ്യക്തമാക്കുമോ; | എ) 801 വാഹനങ്ങൾ ഉണ്ട്. |
| ബി) പ്രസ്തുത വാഹനങ്ങൾക്ക് എത്ര ഡ്രൈവർമാരാണുള്ളത്; | ബി) 694 അനുവദനീയ തസ്തികകൾ ഉണ്ട് . |
| സി) പ്രസ്തുത വാഹനങ്ങൾക്ക് ലൈറ്റ് ഡ്യൂട്ടി വെഹിക്കിൾ ലൈസൻസുള്ള ഡ്രൈവർമാരെ നിയമിക്കുന്നതിനു പകരം ഹെവി ഡ്യൂട്ടി ലൈസൻസുള്ള വരെയാണ് നിയമിക്കുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) ഉണ്ട്. |
| ഡി) എങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ; | ഡി) നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം ആരോഗ്യ വകുപ്പിൽ അനുവദിച്ചിട്ടുള്ള ഡ്രൈവർ തസ്തികയ്ക്ക് ഹെവിഡ്യൂട്ടി വെഹിക്കിൾ ലൈസൻസും 3 വർഷത്തെ പ്രവൃത്തി പരിചയവുമാണ് യോഗ്യത. ഹെവിഡ്യൂട്ടി വാഹനങ്ങൾകൂടി കൈകാര്യം ചെയ്യേണ്ടിവരും എന്നതിനാലാണിത്. |
| ഇ) മോട്ടോർ വാഹനവകുപ്പ് ചട്ടങ്ങൾപ്രകാരം പ്രസ്തുത നടപടി ശരിയാണോ; | ഇ) ശരിയാണ്. |

| | |
|---|---|
| എഫ്) പ്രസ്തുത നടപടിമൂലം പി.എസ്.സി ലൈറ്റ് മോട്ടോർ വെഹിക്കിൾ ഡ്രൈവർമാർക്കുവേണ്ടി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽപെട്ടവർക്ക് അവസരം നിഷേധിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എഫ്) ഉണ്ട്. |
| ജി) അതു സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; | ജി) ഉണ്ട്. |
| എച്ച്) എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | എച്ച്) ആരോഗ്യ വകുപ്പിൽ എൽ.ഡി.വി (ലൈറ്റ് ഡ്യൂട്ടി വെഹിക്കിൾ) തസ്തിക ഇല്ലാത്തതിനാൽ ഇക്കാര്യത്തിൽ ആരോഗ്യ വകുപ്പിന് നടപടിയൊന്നും സ്വീകരിക്കാനില്ല. |

സെക്ഷൻ ഓഫീസർ